# പതിനാലാം കേരള നിയമസഭ

## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6065 04/11/2016-ൽ മറുപടിയ്ക്ക്**

**മത്സ്യോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും കയറ്റുമതി വർദ്ധനയ്ക്കുമുള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കായും കയറ്റുമതി വർദ്ധനയ്ക്കായും എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് അറിയിക്കാമോ;<br><br>ബി) കയറ്റുമതി താല്പര്യാർത്ഥം ഫിഷിംഗ് ഹാർബറുകളുടെ ശുചിത്വ പരിപാലനത്തിനും യൂറോപ്യൻ യൂണിയൻ നിഷ്കർഷിക്കുന്ന മാനദണ്ഡം പുലർത്തുന്നതിനും നടപടി സ്വീകരിക്കുമോ; | എ) യും ബി) യും സംസ്ഥാനത്ത് മൂല്യവർദ്ധിത മത്സ്യ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന്റെ ഭാഗമായി തീരദേശ വികസന കോർപ്പറേഷൻ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന രംഗത്തേക്ക് കടന്നിരിക്കുന്നു. ശുചിത്വമുള്ള അന്തരീക്ഷത്തിൽ സോളാർഡ്രയർ ഉപയോഗിച്ച് ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത വിവിധയിനം ഉണക്ക മത്സ്യ ഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാൻഡിൽ ഇതിനോടകം വിപണിയിലെത്തിച്ചു കഴിഞ്ഞു.<br><br>മത്സ്യോല്പന്നങ്ങളുടെ മൂല്യ വർദ്ധനയ്ക്കായും കയറ്റുമതി വർദ്ധനയ്ക്കായും ഫിഷിംഗ് ഹാർബറുകളുടെ ശുചിത്വ നിലവാരം യൂറോപ്യൻ യൂണിയൻ നിഷ്കർഷിക്കുന്ന മാനദണ്ഡത്തിലേയ്ക്ക് ഉയർത്തുന്നതിന് എൻ.എഫ്.ഡി.ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പൂർത്തീകരിച്ച ഹാർബറുകളുടേയും ലാന്റിംഗ് സെന്ററുകളുടേയും നവീകരണം നടത്തി വരുന്നു<br><br>മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ അച്ചാറുകൾ, മീൻ കട്ലറ്റുകൾ എന്നിവ മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ് വഴി നിർമ്മിച്ച് മത്സ്യഫെഡ് ഫിഷ് ബൂത്തുകൾ വഴി വിപണനം ചെയ്തുവരുന്നു. |
| സി) ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും മത്സ്യമാർക്കറ്റുകളും നവീകരിക്കാൻ പദ്ധതിയുണ്ടോ; | സി) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സംസ്ഥാനത്തുടനീളം 34 ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞു. മൂന്ന് മത്സ്യമാർക്കറ്റുകളുടെ (തിരുവനന്തപുരം 2, |

| | |
|---|---|
| | കോട്ടയം ⁾⁾ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ മത്സ്യഫെഡ് വഴി നടപ്പാക്കുന്ന ഓച്ചിറ, അഞ്ചൽ, മത്സ്യമാർക്കറ്റുകളുടെ നവീകരണം പൂർത്തിയായി. അരൂർ മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും എൻ. എഫ്.ഡി.ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചുവരുന്നു. |
| ഡി) മത്സ്യവിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ? | ഡി) മത്സ്യ വിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിന്റെ ആദ്യ പടിയായി തീരദേശ ലേലം വഴി ആദ്യ വിൽപനയിൽ സഹകരണ സംഘങ്ങൾ ഇടപെടുന്നു ണ്ട്. ഇതുവഴി സംസ്ഥാനത്ത് ഏകീകരിച്ച ലേല സമ്പ്രദായം നട ഷിൽ വരുത്തുവാനും, അതുവഴി മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വില ഉറപ്പ് വരുത്തുന്നതിനും കഴിഞ്ഞിട്ടു ണ്ട്.<br><br>മത്സ്യത്തിന്റെ ചില്ലറ വിൽപനയിൽ ഇടപെടുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലായി 29 ഫിഷ് മാർട്ടുകൾ നില വിൽ പ്രവർത്തിച്ചുവരുന്നു ണ്ട്. കൂടാതെ പുതുതായി 20 ഫിഷ് മാർട്ടുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Hame

**സെക്ഷൻ ആഫീസർ**